# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6034** **19-11-2019-ൽ മറുപടിക്ക്**

### ഫോർട്ട്കൊച്ചിയിലെ ആസ്പിൻവാൾ കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി മുസിരിസ് ബിനാലെക്കും മറ്റ് ടൂറിസം പ്രവർത്തികൾക്കും വേണ്ടിയുള്ള സ്ഥിരം വേദിയായി ഫോർട്ട്കൊച്ചിയിലെ ആസ്പിൻവാൾ കെട്ടിടവും അനുബന്ധസ്ഥലങ്ങളും ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട് |
| (ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കൊച്ചി താലൂക്കിലെ ഫോർട്ട് കൊച്ചി വില്ലേജിലെ 3, 4, 7, 402/10 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 1.60.25 ഹെക്ടർ ഭൂമി RFCTLARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന് റിക്വിസിഷൻ നൽകിയിട്ടുണ്ട്.<br>RFCTLARR Act- 2013 പ്രകാരമുള്ള ഫോറം 4 നോട്ടിഫിക്കേഷൻ 11-10-2018 ൽ അംഗീകരിച്ച് 11(3) വിജ്ഞാപനം ഗസറ്റിൽ 29-10-2018-ൽ പ്രസിദ്ധീകരിച്ചു. ഏറ്റെടുക്കാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്ന സ്ഥലത്ത് ഉൾപ്പെട്ടുവരുന്ന സർവ്വേ നമ്പർ 1-ൽ 0.404 ആർ, സർവ്വേ നമ്പർ 403/2-ൽ 0.405 ആർ എന്നീ സ്ഥലങ്ങൾ കൂടി ഏറ്റെടുക്കുന്നതിന് 13-11-2019-ലെ സ.ഉ(സാധാ) നം.397/2019/ടൂറിസം പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

LA No. 6034

എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ : കെ മുഹമ്മദ് വൈ സഫീറുള്ള ഐഎഎസ്)

നി8-12097/17

തിയതി: 13..07..2017

---

വിഷയം:- കൊച്ചി ബിനാലെയുടെ മുഖ്യവേദിയായ ആസ്പിൻവാൾ ഹൗസിന്റെ കെട്ടിടവും ഭൂമിയും കൊച്ചി ബിനാലെയ്ക്കുവേണ്ടി സ്ഥിരം വേദിയാക്കുന്നതിനായി സർക്കാർ പൊന്നുംവിലയ്ക്കെടുക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. ടൂറിസം വകുപ്പിന്റെ 28.06.2017 ലെ പി8-3119/2017 നമ്പർ കത്ത്
2. ടൂറിസം വകുപ്പിന്റെ 18.05.2017 ലെ 235/2017/TSM നമ്പർ സർക്കാർ ഉത്തരവ്

* * * * * * * *

കൊച്ചി ബിനാലെയുടെ മുഖ്യവേദിയായ ആസ്പിൻവാൾ ഹൗസിന്റെ കെട്ടിടവും ഭൂമിയും കൊച്ചി ബിനാലെയ്ക്കുവേണ്ടി സ്ഥിരം വേദിയാക്കുന്നതിനായി കൊച്ചി താലൂക്കിലെ ഫോർട്ടുകൊച്ചി വില്ലേജിലെ സർവ്വെ നമ്പർ 3, 4, 7, 402/10 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട 1.60.25 ഹെക്ടർ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനായി അർത്ഥനാപത്രവും അനുബന്ധരേഖകളും സൂചന (1) പ്രകാരം ടൂറിസം വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറലിനെ ഈ പൊന്നുംവില നടപടിക്കായുള്ള ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, കാക്കനാട് 2013 ൽ നിലവിൽവന്ന ലാൻഡ് അക്വിസിഷൻ നിയമവും സർക്കാർ ഉത്തരവുകളും അനുസരിച്ച് ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ്
1. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, കാക്കനാട്
2. ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ)

ട 11

**GOVERNMENT OF KERALA**

**Abstract**

Revenue Department - Acquisition of an extent of 1.60.25 Hectares of land comprised in Fort Kochi village of Kochi Taluk for permanent venue for Kochi Muziris Biennale and other Government Tourism activities - Sanction accorded - Orders issued.

**REVENUE (B) DEPARTMENT**

**G.O.(Rt)No.2517/2018/RD Dated,Thiruvananthapuram, 02/07/2018**

Read 1 G.O.(Ms)No.182/2012/RD dated 03/05/2012
2 G.O(Ms)No.485/2015/RD dated 23/09/2015
3 G.O.(Rt)235/2017/Tourism dated 18/05/2017
4 G.O.(Rt)492/2017/Tourism dated 05/10/2017
5 Letter No.C8-12097/17 dated 21/05/2018 from the District Collector, Ernakulam
6 Minutes of the High Level Committee held on 21/06/2018

ORDER

The District Collector, Ernakulam as per 5th paper read above has requested sanction for the acquisition of an extent of 1.60.25 Ha of land comprised in Fort Kochi village of Kochi Taluk for permanent venue for Kochi Muziris Biennale and other Government Tourism activities as detailed below. The High Level Committee meeting held on 21/06/2018 has approved the proposal.

| Village | Taluk | Survey No. | Extent |
|---|---|---|---|
| Fort Kochi | Kochi | 3, 4, 7, 402/10 | 1.60.25 Ha |

2. Government have examined the matter and are pleased to accord sanction to the District Collector, Thrissur to resort to direct/negotiated purchase of an extent of 1.60.25 Ha of land comprised in Fort Kochi village of Kochi Taluk for permanent venue for Kochi Muziris Biennale and other Government Tourism activities as mentioned above.

3. The District Collector is to resort to negotiated purchase as per the State Policy issued as per GO read as 2nd paper above strictly following due procedures contemplated in the State Policy on condition that the Requisitioning Authority provides sufficient fund under the disposal of concerned Land Acquisition Officer. The District Collector will ensure that approval under extant Acts & Rules viz., Conservation of Paddy and Wet land Act, Coastal Zone Regulation Act and Environment Act, whichever are applicable to the proposal in this case are obtained by the Requisitioning Authority

before proceeding with direct/negotiated purchase. The land value is to be fixed as per extant procedures. The District Level Fair compensation, rehabilitation and resettlement Committee (DLFC) will conduct negotiations with the land owners and would reach consensus with them regarding land value and furnish proposals to be placed before the State Level Empowered Committee (SLEC)

(By order of the Governor)
MADHU.K
ADDITIONAL SECRETARY

To:

The Commissioner of Land Revenue, Thiruvananthapuram.

The District Collector, Ernakulam
The Accountant General (A&E/Audit), Kerala, Thiruvananthapuram
The Tourism Department.
The I&PR (Web & New Media) Department.
Stock File/Office copy.

Copy to : PS to Minister (Revenue)
PA to Additional Chief Secretary (Revenue & DM)
CA to Additional Secretary (Revenue)

Forwarded /By order

Signature valid
Section Officer
Digitally signed by ANU VARGHESE
Date: 2018.07.07 15:00:53 IST
Reason: Approved

GOVERNMENT OF KERALA

Revenue Department - Land Acquisition for public purpose – Streamlining of Land Acquisition proceedings – Dispensing with High Level Committee - Entrusting powers to Revenue Department for issuing sanction for Land Acquisition - Modified - Orders issued.

---

Revenue (B) Department

GO(Ms) No.56/2019/RD Dated, Thiruvananthapuram, 14/02/2019.

---

Read :-

1. G.O.(Ms)No.182/2012/RD dated 03/05/2012
2. G.O.(Ms) No. 485/2015/RD dated 23/09/2015.
3. Minutes of the SLEC & HLC Meeting held on 17/09/2018

## ORDER

As per the GO read as 1st paper above a High Level Committee headed by the Chief Secretary with the following members was constituted for issuing sanction for acquisition of land and guidelines had been issued for placing proposals before the High Level Committee. The guidelines specify that all proposals for Land Acquisition shall be examined in detail by the concerned Administrative Department and forward the same to Revenue Department for approval by placing before the High Level Committee and thereby issuing sanction for acquisition.

1. Chief Secretary - Chairman
2. Secretary, Revenue Department - Member
3. Secretary of the Administrative Department - Member
4. Any Officer nominated by the Chairman may be called as a Special invitee.

2. Section 108 of the LARR Act, 2013 provides for framing a State Policy which provides higher compensation than calculated under the Act for the acquisition of land so that the affected person or his/her family or member of his/her family can opt to avail a higher compensation under such State Policy. The State Policy has been devised as per GO read as 2nd paper above. The main objective of the policy is to conduct negotiations with the land owners and reach consensus on compensation and rehabilitation by the District Level Fair Compensation Rehabilitation and Resettlement Committee (DLFC) and approval of the same by the State Level Empowered Committee.

3. In the State Level Empowered Committee (SLEC) & High Level Committee (HLC) Meeting held on 17/09/18, the Committee directed that hereafter convening

of High Level Committee at regular intervals is not necessary and directed to issue orders thereby dispensing with the High Level Committee.

4. Government have examined the matter in detail and hereby order to dispense with the High Level Committee henceforth and to entrust the Revenue Department to accord Administrative Sanction for acquisition of land for public purpose.

5. Before submitting the requisition for land acquisition to the District Collector, the Requisitioning Authority shall furnish specific proposal to the Administrative Department for issuance of administrative sanction. The Administrative Department after ascertaining the availability of funds, needs to issue specific orders according sanction for the project clearly mentioning the availability of funds. Meanwhile the Requisitioning Authority will forward formal requisition along with alignment sketch to the District Collector concerned. Thereafter Administrative Department shall forward proposal for land acquisition to Revenue Department. The sanction order for land acquisition (irrespective of the mode of acquisition i.e., by invoking the provisions contained in LARR Act, negotiated purchase by invoking Section 108 of LARR Act or by direct purchase) issued by Revenue Department in this regard should contain the extent of land covered, Village/Taluk included, Survey Nos, the name of Requisitioning Authority and the mode of acquisition involved in the process after obtaining specific remarks from the District Collectors. The existing practice of placing the proposal before the High Level Committee for sanction of land acquisition is done away with.

6. On receipt of sanction order from Revenue Department, District Collectors shall calculate probable 5% Contingency Charges of the cost of compensation or Rupees fifty lakh whichever is less and direct the Requisitioning Authority to deposit the amount in the Treasury Savings Bank Account and proceed with the acquisition. The District Collectors should ensure that all acquisition proceedings (irrespective of the mode of acquisition i.e. by invoking the provisions contained in LARR Act, negotiated purchase by invoking Section 108 of LARR Act or by direct purchase) will be initiated only after obtaining specific orders from Revenue Department.

7. The Government Order read as 1st paper above stands modified to the above extent.

(By Order of the Governor)
V.VENU,
Principal Secretary to Government.

To

The Commissioner of Land Revenue, Thiruvananthapuram
Additional Chief Secretary/Principal Secretary/Special Secretary/ Secretary of all Departments
All District Collectors and Heads of Departments

393501/2018/TSM (OS)

(ഭരണഭാഷ -മാതൃഭാഷ)

C8-12097/17

കളക്ടറേറ്റ്, എറണാകുളം
തീയതി: 5.11.2018

TOURISM DEPARTMENT
09 NOV 2018

പ്രേഷകൻ
ജില്ലാ കളക്ടർ
എറണാകുളം.

സ്വീകർത്താവ്
സെക്രട്ടറി,
വിനോദ സഞ്ചാര (സി) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം: - വിനോദ സഞ്ചാര വകുപ്പ് - കൊച്ചി മുസിരിസ് ബിനാലെ, ആസ്പിൻവാൾ, കബ്രാൾയാർഡ് സ്ഥലം ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) അങ്ങയുടെ Tour-C2/130/2017/TSM dt.25/09/18 കത്ത്.
2) 18/9/2018 ലെ DLF ഡയറക്ടറുടെ കത്ത്.
3) Lr.No.C4-683/2017 dt.26.10.18 സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, എറണാകുളം.
4) Lr.No.B2/526/2018-Rev(B) dt.06.10.18 അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ (ബി) ഡിപ്പാർട്ട്മെന്റ്.

*****

സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ബിനാലെയുടെ മുഖ്യവേദിയായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത്, കൊച്ചി താലൂക്കിലെ ഫോർട്ടുകൊച്ചി വില്ലേജിലെ സർവ്വെ നമ്പർ 1 ൽ 0.404 ആർ, 403/2 ൽ 0.405 ആർ എന്നീ വസ്തുക്കൾ കൂടി ഉൾപ്പെട്ടു വരുന്നുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യുവാൻ സൂചന (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ LAO ആയ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ സ്ഥല പരിശോധന നടത്തി ടി സർവ്വെ നമ്പരുകൾ കൂടി ടി സ്ഥലത്തു ഉൾപ്പെട്ട് വരുന്നുണ്ട് എന്ന് സൂചന (3) പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

ആയതിനാൽ ടി സർവ്വെ നമ്പരുകൾ കൂടി ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനും, അർത്ഥന, അലൈൻമെന്റ് സ്കെച്ച് എന്നിവ ആയതുപ്രകാരം മാറ്റം വരുത്തി നല്കേണ്ടതാണെന്ന് ടൂറിസം ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

....2/-

)93501/2018/TSM (OS)



ഫോറം 4 നോട്ടിഫിക്കേഷൻ 11/10/2018 ൽ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും, പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടി LAO എടുത്തുവരുന്നതുമാണ്. ഈ പ്രൊജക്ടിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് സർവ്വെ നമ്പർ 1, 403/2 എന്നിവ കൂടി ഉൾപ്പെടുത്തി പഠനം നടത്തി റിപ്പോർട്ട് നല്കുവാൻ SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് കളമശ്ശേരിയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ (എൽ.എ)

ടി9/-

നമ്പർ. P8-3119/2017

# ടൂറിസം ഡയറക്ടറുടെ കാര്യാലയം

പാർക്ക് വ്യൂ
തിരുവനന്തപുരം - 695033
ഫോൺ : 0471-2560422
ഫാക്സ് : 0471-2322279

http://www.keralatourism.org

തീയതി: 10.07.2019

പ്രേഷകൻ

ഡയറക്ടർ

സ്വീകർത്താവ്

ഗവ. സെക്രട്ടറി,ടൂറിസം വകുപ്പ് ,ഗവ.സെക്രട്ടേറിയറ്റ് ,തിരുവനന്തപുരം.

വിഷയം:- വിനോദ സഞ്ചാര വകുപ്പ് - കൊച്ചി മുസിരി ബിനാലെ - സ്ഥിരംവേദിക്കവേണ്ടി ആസ്പിൻവാൾ ഹൌ സ് , കബ്രാൾ യാർഡ് എന്നീ സ്ഥലങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്

സൂചന:- 25.04.2019 തീയതിയിൽ ടൂർ-സി 2 / 130/ 2017 /ടൂറിസം നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു . കൊച്ചിൻ ബിനാലെ ക്ക സ്ഥിരം വേദി ഒരുക്കുന്നതിന്റെ ഭാഗമായി ആസ്പിൻ വാൾ ,കബ്രാൾ യാർഡ് എന്നീ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി ഇതോടൊപ്പം ചേർക്കുന്നു.

സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ വെച്ച് DLF കമ്പനി അധികാരികളുമായി നടന്ന മീറ്റിംഗിൽ ഭൂമിക്ക കമ്പോള വില നൽകണമെന്ന കമ്പനി യുടെ ആവശ്യം കളക്ടർ നിരാകരിക്കുകയും പൊന്നുംവില നൽകി ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായി സ്പെഷ്യൽ തഹസിൽദാർ (LA ) യുടെ നേതൃത്വത്തിൽ നടപടികൾ നടന്നുവരുന്നു. സർവ്വേ നമ്പർ 1,403 / 2 പ്രകാരമുള്ള സ്ഥലങ്ങൾ കൂടി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള അർത്ഥനപത്രം ടൂറിസം വകുപ്പിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്കും തഹസിൽദാർ (LA ) ക്കും നൽകിയിട്ടുണ്ട്.അലൈൻമെന്റ് സ്കെച് കൂടി ടൂറിസം ഡയറക്ടർ ഒപ്പിട്ടു നൽകേണ്ടതുണ്ട്. ആയതു ആവശ്യപ്പെട്ടുകൊണ്ട് കൊച്ചിതഹസിൽദാർ ,ഫോർട്ട്കൊച്ചി വില്ലേജ് ഓഫീസർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട് . കൂടാതെ ഇതുമായിബന്ധപ്പെട്ട സോഷ്യൽ ഇമ്പാക്ട് സ്റ്റഡി നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം അളന്നുതിരിച്ച് കല്ലിട്ടുസ്കെച്ച് തയ്യാറാക്കുന്നതിന് താലൂക്ക് സർവേയറുടെ സേവനം ലഭ്യമാക്കിയിരുന്നു. എന്നാൽ പഴയ വില്ലേജ് സ്കെച്ചിലെ അളവുകളും ഭൂമിയുടെ അളവുകളും തമ്മിൽ സാങ്കേതിക പൊരുത്തക്കേടുകൾ കണ്ടതിനാൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ അലൈൻമെന്റ് സ്കെച്ചും കല്ലിടലും സാധ്യമാകുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനും തുടർ നടപടികൾ കൈക്കൊള്ളുന്നതിനും ടൂറിസം വകുപ്പ് എറണാകുളം മേഖല ജോയിന്റ് ഡിറക്ടർക്ക നിർദ്ദേശം നൽകിയിട്ടുണ്ട്.

വിശ്വസ്തതയോടെ
പി ബാല കിരൺ ഐ എ എസ് *
ഡയറക്ടർ

* This is a computer system (Digital File) generated letter. Hence there is no need for a physical signature.

ഭരണഭാഷ - മാതൃഭാഷ

സി 8 - 12097/2017

കളക്ടറേറ്റ്, എറണാകുളം
തീയതി : 3.9.2019

പ്രേഷകൻ

ജില്ലാ കളക്ടർ
എറണാകുളം

സ്വീകർത്താവ്

ഡയറക്ടർ
വിനോദസഞ്ചാരവകുപ്പ്
പാർക്ക് വ്യൂ, തിരുവനന്തപുരം

സർ ,

വിഷയം : കൊച്ചി മുസ് രിസ് ബിനാലെ - സ്ഥലം ഏറ്റെടുക്കുന്നത് - സംബന്ധിച്ച്

സൂചന : 1. അങ്ങയുടെ P8-3119/2017 ഫയൽ.
2. ഈ ആഫീസിലെ 9/4/18, 11/10/18, 15/6/19 തീയതികളിലെ കത്തുകൾ.
3. LAO യുടെ 24/7/2019 ലെ കത്ത്.

.........

കൊച്ചി മുസ് രിസ് ബിനാലെക്ക് സ്ഥിരം വേദിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടിയുടെ പ്രാരംഭ വിജ്ഞാപനം 11(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടി നടന്നുവരുന്നു. ഫോർട്ടുകൊച്ചി വില്ലേജിലെ 3,4,7,402/10 എന്നീ സർവ്വെ നമ്പരുകൾ കൂടാതെ 1, 403/2 എന്നിവയിൽകൂടി റിക്വസിഷൻ ലഭിച്ച സാഹചര്യത്തിൽ പുതിയ ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിൽ മതിപ്പ് ഏറ്റെടുക്കൽ ചെലവ് 101,56,55,124/- രൂപയും ആനുഷാംഗിക ചിലവിനായി 50 ലക്ഷം രൂപയും ലഭ്യമാക്കിയാൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ തീർപ്പാക്കാൻ സാധിക്കും. ടി തുക LAO ആയ സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറൽ , എറണാകുളത്തിന് അനുവദിച്ച് ഉത്തരവുണ്ടാകുവാൻ താൽപര്യപ്പെടുന്നു. LAO നൽകിയിരിക്കുന്ന കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ ,

ജില്ലാ കളക്ടർക്കുവേണ്ടി

പകർപ്പ് 1. റീജിയണൽ ജോയിന്റ് ഡയറക്ടർ , വിനോദസഞ്ചാരവകുപ്പ്, കൊച്ചി-11
2. സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറൽ , എറണാകുളം (കാക്കനാട്)

ടി7

## STATEMENT SHOWING THE ESTIMATED COST OF ACQUISITION AND CONTINGENCY CHARGES BASED ON FAIR VALUE OF THE LAND

Name of Project: LA for PERMANENT VENUE FORT KOCHI MUZIRIS BIENNALE

RA: THE DIRECTOR, TOURISM DEPARTMENT

TALUK KOCHI

VILLAGE : FORT KOCHI

| SY.NO | SUB DIV NO | CATEGORY AS PER FAIR VALUE REGISTER | EXTENT ( As per Requisition) | FAIR VALUE/ARE | FAIR VALUE FOR THE TOTAL . EXTENT | MULTIPLI CATION FACTOR | TOTAL FAIR VALUE |
|---|---|---|---|---|---|---|---|
| | | | Ares | ₹ | ₹ | | ₹ |
| 1 | | COMMERCIALLY IMPORTANT | 0.404 | 3,993,000 | 1,613,172 | 1 | 1,613,172 |
| 3 | | COMMERCIALLY IMPORTANT | 1.62 | 3,993,000 | 6,468,660 | 1 | 6,468,660 |
| 4 | | COMMERCIALLY IMPORTANT | 1.21 | 3,993,000 | 4,831,530 | 1 | 4,831,530 |
| 7 | | COMMERCIALLY IMPORTANT | 95.51 | 3,993,000 | 381,371,430 | 1 | 381,371,430 |
| 402 | 10 | RESI.PLOT WITH | 61.91 | 1,815,000 | 112,366,650 | 1 | 112,366,650 |
| 403 | 2 | RESI.PLOT WITH P.W.D ROAD | 0.405 | 2,904,000 | 1,176,120 | 1 | 1,176,120 |
| | | | 161.059 | | | | 507,827,562 |

*Note:* *1. The Fair value is based on the value available in the official website as on 26.06.2019*

*2. The Survey No.s and extent are based on the requisition made by the RA*

| | | |
|---|---|---|
| (1) | Total of Fair Value of the Land | 507,827,562 |
| (2) | 100% Solatium (100% of Sl.1] | 507,827,562 |
| (3) | Total Estimated Cost of Acquisition[1+2] | 1,015,655,124 |
| (4) | Contingency Charges [5% of Sl. 3] | 50,00,000 |

Special Tahsildar (LA) General
Ernakulam

3971002/2019/TSM (OS)

AS TSM
Imm
Rh 4/11

ഭരണഭാഷ - മാതൃഭാഷ

സി 8 – 12097/2017

കളക്ടറേറ്റ്, എറണാകുളം
തീയതി : 24.10.2019

പ്രേഷകൻ
ജില്ലാ കളക്ടർ
എറണാകുളം

സ്വീകർത്താവ്
സെക്രട്ടറി
വിനോദസഞ്ചാര (സി) വകുപ്പ്
പാർക്ക് വ്യൂ, തിരുവനന്തപുരം

സർ ,

വിഷയം : വിനോദസഞ്ചാര വകുപ്പ് - കൊച്ചി മുസിരിസ് ബിനാലെക്ക് സ്ഥിരം വേദിക്കായി കൊച്ചിൻ ആസ്പിൻവാൾ ഹൗസ്, കബ്രാൾയാർഡ് എന്നിവ ഏറ്റെടുക്കുന്നത് - സംബന്ധിച്ച്

സൂചന : 1. നമ്പർ ടൂർ-സി2/130/2017 ടൂറിസം തീയതി 4.9.2019 വിനോദസഞ്ചാര (സി)വകുപ്പ്
2. ടൂറിസം ഡയറക്ടറുടെ പി8-3119/2017 തീയതി 28/6/17
3. GO(Rt)No. 235/17/TSM dtd 18/5/17.
4.GO(Rt)No.492/2017/TSM dtd 5/10/17
5.GO(Rt) No.2517/2018/RD dtd 2/7/18.
6.അഡീഷണൽ ചീഫ് സെക്രട്ടറി , റവന്യൂ(ബി)യുടെ 12/11/18 ലെ ഇതേ നമ്പർ കത്ത്.

. . ........

സൂചന (1) കത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കൊച്ചി മുസിരിസ് ബിനാലെയുടെ സ്ഥിരം വേദിക്കായും മറ്റ് വിനോദസഞ്ചാരപ്രവർത്തനങ്ങൾക്കുള്ള പദ്ധതിക്കുമായി കൊച്ചിതാലൂക്ക് ഫോർട്ടുകൊച്ചി വില്ലേജ് സർവ്വെ നമ്പർ 3,4,7,402/10 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 1.6025 ഹെക്ടർ ഭൂമി 2013 RFCTLARR Act പ്രകാരം ഏറ്റെടുക്കുന്നതിന് ടൂറിസം വകുപ്പ് ഡയറക്ടർ സൂചന (2) പ്രകാരം റിക്വസിഷൻ നൽകിയിട്ടുള്ളതാണ്. സൂചന(3) ഗവൺമെന്റ് ഉത്തരവ് പ്രകാരം ടി അക്വിസിഷൻ നടപടിക്ക് അഡ്മിനിസ്റ്റ്റേറ്റീവ് സാങ്ഷൻ ലഭിച്ചിട്ടുള്ളതാണ്. ടി ഉത്തരവിലെ തെറ്റുകൾ തിരുത്തി സൂചന(4)പ്രകാരം ഉത്തരവാകുകയും സൂചന (5) പ്രകാരം റവന്യൂ(ബി) സാംഗ്ഷൻ ലഭിച്ചിട്ടുള്ളതാണ്.

ഭൂമി ഏറ്റെടുക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറായി 13/7/2017 ൽ സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറലിനെ നിയമിച്ചു. RFCTLARR Act 2013 പ്രകാരമുള്ള Form4 Notification 11.10.2018 ൽ അംഗീകരിച്ച് 11(3) വിജ്ഞാപനം ഗസറ്റിൽ 29/10/2018 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ടി സ്ഥലത്ത് സർവ്വെ നമ്പർ 1ൽ 0.404 ആർ ,403/2ൽ 0.405 ആർ എന്നീ വസ്തുക്കൾ കൂടി ഉൾപ്പെട്ടുവരുന്നതാണ് എന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ അറിയിച്ചതിനെ തുടർന്ന് ടി സർവ്വെ നമ്പരുകൾ കൂടി ഉൾപ്പെടുത്തി SIA പഠനം നടത്തുവാൻ രാജഗിരികോളേജ് ഓഫ് സോഷ്യൽ സയൻസ്

കളമശ്ശേരി ക്ക് നിർദ്ദേശം നൽകുകയും ആ വിവരം സൂചന (6) പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി , റവന്യൂ(ബി)വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. ഫോർട്ടുകൊച്ചി വില്ലേജിലെ സർവ്വെ നമ്പർ 1ൽ 0.404 ആർ ,403/2 ൽ 0.405 ആർ എന്നീ വസ്തുക്കൾക്ക് 2.3.2019 ൽ റിക്വസിഷൻ ലഭിച്ചുവെങ്കിലും ഏറ്റെടുക്കുന്നതിന് അഡ്മിനിസ്റ്ററ്റീവ് സാങ്ഷൻ അനുവദിച്ചിട്ടില്ലാത്തതാണ്. ടി സർവ്വെ നമ്പറുകൾക്കു കൂടി അഡ്മിനിസ്റ്ററ്റീവ് സാങ്ഷൻ ലഭ്യമാക്കുന്നതിന് ടൂറിസം ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

SIA പഠനം പൂർത്തീകരിച്ച് SIA യൂണിറ്റായ രാജഗിരികോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചു. ടി റിപ്പോർട്ടിന്റെ അംഗീകാരത്തിനായി 2.2.2019 ൽ വിദഗ്ദ സമിതി രൂപീകരിക്കുകയും വിദഗ്ദ സമിതി SIA പഠനം അംഗീകരിച്ചിട്ടുള്ളതും, 27.2.2019 ൽ സമുചിത ഗവൺമെന്റ് ഉത്തരവ് ആയിട്ടുള്ളതുമാണ്. ഏറ്റെടുക്കൽ നടപടിയുടെ പ്രാരംഭ വിജ്ഞാപനം 11(1) Notification 30.5.2019 ൽ അംഗീകരിച്ച് ഗസറ്റിലൊഴികെ എല്ലായിടത്തും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

ഫെയർ വാല്യുവിന്റെ അടിസ്ഥാനത്തിൽ മതിപ്പുവിലയായ **101,56,55,124 /-** രൂപയും കണ്ടിജൻസ് ചാർജ് 50 ലക്ഷം രൂപയും ലഭ്യമാക്കുന്നതിന് ടൂറിസം ഡയറക്ടർക്ക് 9.4.18, 11.10.18, 15.6.19, 3.9.19 എന്നീ തീയതികളിലും കത്ത് നൽകിയിട്ടുള്ളതാണ്. അഡ്മിനിസ്റ്ററ്റീവ് സാങ്ഷൻ, ഫണ്ട് എന്നിവ ലഭ്യമാക്കിയാൽ തുടർ നടപടികൾ വേഗത്തിൽ സ്വീകരിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്നുള്ള വിവരം അങ്ങയെ അറിയിക്കുന്നു.

വിശ്വസ്തതയോടെ ,

ജില്ലാ കളക്ടർ

പകർപ്പ് 1. ഡയറക്ടർ ,വിനോദസഞ്ചാര (സി) വകുപ്പ് , പാർക്ക് വ്യൂ തിരുവനന്തപുരം

2. റീജിയണൽ ജോയിന്റ് ഡയറക്ടർ , വിനോദസഞ്ചാരവകുപ്പ്, കൊച്ചി-11

3. സ്പെഷ്യൽ തഹസിൽദാർ (എൽ എ) ജനറൽ , എറണാകുളം (കാക്കനാട്)

ടി7

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ്-കൊച്ചി മുസിരിസ് ബിനാലെയ്ക്കും മറ്റു ടൂറിസം പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള സ്ഥിരം വേദിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ.(സാധാ)നം.397/2019/ടൂറിസം | തിരുവനന്തപുരം, തീയതി 13/11/2019.

പരാമർശം : 1. സ.ഉ (സാധാ) നം: 235/2017/ടൂറിസം, തീയതി 18.05.2017
2. സ.ഉ (സാധാ) നം: 492/2017/ടൂറിസം, തീയതി 05.10.2017
3. സ.ഉ (സാധാ) നം: 2517/2018/റവന്യൂ, തീയതി 02.07.2018
4. വിനോദസഞ്ചാരവകുപ്പ ഡയറക്ടറുടെ 10.07.2019 ലെ P8-3119/2017 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊച്ചി മുസിരിസ് ബിനാലെയുടെയും മറ്റു ടൂറിസം പ്രവർത്തനങ്ങളുടെയും സ്ഥിരം വേദിയ്ക്കുവേണ്ടി കൊച്ചി താലൂക്കിലെ ഫോർട്ട് കൊച്ചി വില്ലേജിൽ 3,4,7,402/10 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 1.60.25 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം വിനോദസഞ്ചാരവകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും, LARR Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് പരാമർശം (3) പ്രകാരം അനുവാദം നൽകിയും ഉത്തരവായിരുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഫോർട്ട് കൊച്ചി വില്ലേജിലെ 1 , 403/2 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട വസ്തുക്കൾ കൂടി ഉൾപ്പെട്ടുവരുന്നുണ്ടെന്നും, ആയതിനാൽ പ്രസ്തുത സ്ഥലങ്ങൾ കൂടി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കൊച്ചി ബിനാലെയുടെ സ്ഥിരം വേദിക്കും മറ്റു ടൂറിസം പ്രവർത്തനങ്ങൾക്കുമായി കൊച്ചി താലൂക്കിലെ ഫോർട്ടുകൊച്ചി വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 1 -ൽ 0.404 ആർ, സർവ്വേ നമ്പർ 403/2 -ൽ 0.405 ആർ എന്നീ സ്ഥലങ്ങൾ കൂടി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

പ്രകാശ്. ബി.എസ്

അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ,എറണാകുളം.

ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്,
പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
റവന്യൂ വകുപ്പ്
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പ്ലാനിംഗ് (സി.പി.എം.യു.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് : വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.

സെക്ഷൻ ഓഫീസർ